ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. പരിശോധനകളും നിയമപ്രകാരമുള്ള നടപടികളും തുടർന്നുവരുന്നു. മരുന്നുകൾ ഇന്നുമുതൽ ശേഖരിച്ച് വിൽപ്പന നടത്താമെന്ന് ഇന്നലെ എന്നെ നേരിട്ട് വന്ന് കണ്ട വ്യാപാരികളുടെ അസോസിയേഷൻ നേതാക്കൾ സമ്മതിച്ചിട്ടുണ്ട്. മരുന്നുകളുടെ ലഭ്യത എല്ലാ ദിവസവും അവലോകനം ചെയ്യാൻ ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമ ലംഘനം നടത്തുന്ന വ്യാപാരികൾക്കെതിരെ അവരുടെ ലൈസൻസ് കൃാൻസൽ ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് നിർബന്ധിതരായിത്തീരും. അതുകൊണ്ട് അവർ സഹകരിക്കണമെന്നാണ് ഗവൺമെന്റിന്റെ അഭ്യർത്ഥന.

(2) തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് ട്രാൻസ്പോർട്ട് ഡിപ്പോ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. മോഹൻകുമാർ : സർ, ദക്ഷിണ കേരളത്തിലെ മിക്കവാറും എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നുമായി ജനലക്ഷങ്ങൾ എത്തിച്ചേരുന്ന ജീവിതമേഖലകളിലൊന്നാണ് തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് പരിസരം. അവിടെയുള്ള ശ്രീചിത്രാ മെഡിക്കൽ സെന്റർ, റീജിയണൽ കൃാൻസർ സെന്റർ എന്നിവിടങ്ങളിൽ വിദേശങ്ങളിൽ നിന്നുപോലും രോഗികളും കൂട്ടിരുപ്പുകാരും എത്തിച്ചേരുന്നുണ്ട്. ഈ മേഖലയിൽ 700-ഓളം ബസുകളിലായി നിരവധി ലക്ഷം യാത്രക്കാർ എത്തിച്ചേരുന്നുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും വാഹനങ്ങൾ മെയിന്റനൻസ് ചെയ്യുന്നതിനും ട്രാൻസ്പോർട്ട് ബസുകളുടെ കളക്ഷൻ അടയ്ക്കുന്നതിനും യാത്രക്കാർക്കും ജീവനക്കാർക്കും വിശ്രമിക്കുന്നതിനും ഇന്നിപ്പോൾ അവിടെ യാതൊരുവിധ സൗകര്യവുമില്ല. അതുകൊണ്ട് ജില്ലയിലെ വാഹന ഗതാഗതം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് മെഡിക്കൽ കോളേജ് പരിസരത്ത് ഒരു ട്രാൻസ്പോർട്ട് ഡിപ്പോ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ, മെഡിക്കൽ കോളേജ് പരിസരത്ത് ഒരു ട്രാൻസ്പോർട്ട് ഡിപ്പോ അനുവദിക്കുക എന്നത് ദീർഘനാളത്തെ ആവശ്യമാണ്. എന്തുകൊണ്ടോ അത് ഇതുവരെ നടന്നില്ല. യഥാർത്ഥത്തിൽ അവിടെ ഒരു ഡിപ്പോ ആവശ്യമാണ്. ഇപ്പോൾ തന്നെ 600-ൽ കൂടുതൽ ട്രിപ്പുകൾ ഒരു ദിവസം മെഡിക്കൽ കോളേജ് വഴി നടത്തുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് അവിടെ ഒരു ട്രാൻസ്പോർട്ട് ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലവും അതുപോലെ അതിനാവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ചുതന്നാൽ അവിടെ ട്രാൻസ്പോർട്ട് ഡിപ്പോ അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly